

ജയ്മാരുതിയുടെ
ഫുട്ബോൾ
ചാമ്പ്യൻ
സംവിധാനം. A.B.രാജ്
IMPRESS
110

ടി. ഇ. വാസുദേവൻ അവതരിപ്പിക്കുന്ന

# ഫുട്ബോൾ ചാമ്പ്യൻ

| | | |
|---|---|---|
| നിർമ്മാണം | — | ജയമാരുതി |
| ഡയറക്ടർ | — | ഏ, ബി. രാജ് |
| കഥ | — | വി. ദേവൻ |
| സംഭാഷണം | — | S. L പുരം സദാനന്ദൻ |
| ഗാനങ്ങൾ | — | ശ്രീകുമാരൻതമ്പി |
| സംഗീതം | — | വി. ദക്ഷിണാമൂർത്തി |
| ക്യാമറാ | — | പി. ദത്ത് |
| ഡാൻസ് ഡയറക്ഷൻ | — | ഇ. മാധവൻ |
| ചിത്രസംയോജനം | — | ബി. എസ്. മണി |
| രംഗസംവിധാനം | — | തിരുവല്ലാ ബേബി |
| സ്റ്റുഡിയോ | — | ശ്യാമള, ഏ. വി. എം., ഭരണി. |

## അഭിനയിച്ചവർ

പ്രേംനസീർ
ഉമ്മർ
അടൂർ ഭാസി
ശങ്കരാടി
ആലുംമൂടൻ
ജി. കെ. പിള്ള
സുജാത
ജയകുമാരി
ടി. ആർ. ഓമന
പറവൂർ ഭരതൻ
ശ്യാംകുമാർ
പോൾ വെങ്കോല
വർമ്മ

# ഫുട്ബോൾ ചാമ്പ്യൻ

**കഥാസാരം:—**

റൊട്ടി രാമൻപിള്ളയ്ക്ക് മക്കൾ രണ്ട്. ചന്ദ്രനും വിജയനും. മൂത്തവനായ ചന്ദ്രൻ പ്രസിദ്ധനായ ഒരു ഫുട്ബോൾ കളിക്കാരനായിരുന്നു, പക്ഷെ, കളിയിലൊരു കാലുപോയി. ഇപ്പോൾ വീട്ടിൽ ഇരുപ്പാണ്. വലിയ ഒരു ഫുട്ബാൾ താരമാകണമെന്നാണ് വിജയന്റെയും ആഗ്രഹം. റൊട്ടിരാമൻപിള്ള എതിര്. ചേട്ടന്റെ വിധി അനുജനും ഉണ്ടായാലോ എന്നാണ് അച്ഛന്റെ പേടി. ശുദ്ധൻ! എന്തായാലും വിജയൻതന്നെ ജയിച്ചു ചന്ദ്രന്റെ ഫുട്ബാൾ കോച്ചായിരുന്ന "കോച്ചുപിള്ള" വിജയനേയും ഫുട്ബാൾകളി പരിശീലിപ്പിക്കുവാൻ തുടങ്ങി. ധനാഢ്യനായ മാത്യുകോശിയുടെ "വേൾഡ് ഓഫ് പ്ളാസ്റ്റിക്" എന്ന കമ്പനിയിലെ ഒരു ഉദ്യോഗസ്ഥനാണ് കോച്ചുപിള്ള വിജയനും അതേ കമ്പനിയിൽ തന്നെ ഒരു ജോലി ലഭിച്ചു. ആ കമ്പനിയുടെ പേരിൽ ഒരു ഫുട്ബാൾ ടീമുണ്ട് ആ ടീമിന്റെ ക്യാപ്റ്റൻ കോച്ചുപിള്ളയുടെ മകനായ രവീന്ദ്രനാണ്. വിജയനും ആ ടീമിൽ ചേർന്നു കളിച്ചുതുടങ്ങി.

നല്ലൊരു ഫുട്ബാൾ താരമെന്നുള്ള നിലയിൽ വിജയൻെറ പ്രസിദ്ധി വളരാൻ തുടങ്ങിയതോടൊപ്പംതന്നെ കോച്ചുപിള്ളയുടെ മകളായ ശ്രീദേവിക്ക് വിജയനോടുള്ള തോന്നിയ പ്രേമവും, മകനായ രവീന്ദ്രന തോന്നിയ അസൂയയും വളർന്നുവന്നുകൊണ്ടിരുന്നു. വിജയൻെറ പേരിന് കളങ്കം ചേർക്കുവാൻ വേണ്ടി രവീന്ദ്രൻ പ്രയോഗിച്ച തന്ത്രങ്ങളെല്ലാം അയാളുടെ പ്രസിദ്ധിക്ക തിളക്കംകൂട്ടുകയാണ് ചെയ്തത്. ഒടുങ്ങാത്ത അമർഷവും അസൂയയും അകത്തൊതുക്കിക്കൊണ്ട് അവസരവുംകാത്തിരിക്കുകയാണ് രവീന്ദ്രൻ.

സമ്പന്നനായ S. R. K. നായർ മറെറാരു കമ്പനി ഉടമയാണ്. ആ കമ്പനിയുടെ പേരിലും ഒരു ഫുട്ബാൾ ടീമുണ്ട്. മാതൃകാശിയുടെ ടീമും S. R. K. യുടെ ടീമും തമ്മിൽ പലപ്പോഴും മത്സരിച്ചിട്ടുണ്ട്. അപ്പോഴെല്ലാം തോൽവിയുടെ തുവൽ ലഭിച്ചിരുന്നത് S. R. K. യുടെ ടീമിനായിരുന്നു. തന്ത്രശാലിയായ S. R. K. കൂടുതൽ ശമ്പളവും നല്ലൊരുദ്യോഗവുമായി വിജയനെ സമീപിച്ചപ്പോൾ വിജയൻ അതു തിരസ്ക്കരിച്ചെങ്കിലും കോച്ചുപിള്ളയുടെ നിർബന്ധം കാരണം അതു സ്വീകരിക്കേണ്ടിവന്നു. അങ്ങനെ വിജയൻ S. R. K. യുടെ ടീമിൻെറ ക്യാപ്ററനായി. S. R. K. നായർക്ക് ഒരു മകളുണ്ട്. നേരത്തേമുതൽ വിജയനെ ആരാധിച്ചുകഴിഞ്ഞിരുന്നവളാണവൾ. വിജയൻ S. R. K. യുടെ ടീമിലായപ്പോൾ അവൾക്ക സന്തോഷമായെങ്കിലും ശ്രീദേവിക്ക സങ്കടമായി.

വിജയന്റെ ഈ ''കാലുമാറ്റം'' മാത്യു കോശിക്കു സഹിച്ചില്ല. വിജയനില്ലെങ്കിലും തന്റെ ടീം ശക്തമാണെന്നു തെളിയിക്കാൻ വേണ്ടി S R K. യുടെ ടീമുമായി മാത്യു കോശി ഒന്നു മത്സരിച്ചുനോക്കി. പക്ഷേ, വിജയൻ നയിച്ചിരുന്ന S R. K. യുടെ ടീമിനായിരുന്നു വിജയം. മാത്യു കോശിക്കു പരിഭ്രമമായി. അതിനിടയിലാണ് ''ആനന്ദ് ട്രോഫി''ക്കു വേണ്ടിയുള്ള ടൂർണ്ണമെൻറു വന്നതു്. കഴിഞ്ഞ രണ്ടു വർഷമായി ''ആനന്ദ് ട്രോഫി''മാത്യു-കോശിയുടെ കൈവശമാണ്. ഒരു വർഷം കൂടി ജയിച്ചാൽ ട്രോഫി സ്വന്തമായി. ടൂർണ്ണമെൻറിന്റെ ഫൈനൽസിൽ മത്സരിക്കേണ്ടിയിരുന്നതു് മാത്യു കോശിയുടെ ടീമും വിജയന്റെ നേതൃത്വത്തിലുള്ള S. R K -യുടെ ടീമും തമ്മിലായിരുന്നു. മാത്യു കോശിക്കു് നിലയുറയ്ക്കാതെയായി. ''ആനന്ദ് ട്രോഫി'' എന്നു പറഞ്ഞാൽ തന്റെ ഭാര്യയായ അന്നമ്മയെ പോലെയാണയാൾക്ക്. കൈവിട്ടുപോകുന്നതിനെക്കുറിച്ചു് ഓർമ്മിക്കുവാൻ പോലും അയാൾക്കു ശക്തിയില്ല. അഥവാ കൈവിട്ടുപോയാൽ സ്വന്തം തലയറുത്തു് തന്റെ ടീമിലെ കളിക്കാർക്കു് കളിക്കാൻ ഇട്ടുകൊടുക്കുമെന്നാണയാളുടെ പ്രഖ്യാപനം, എന്നിരുന്നാലും വിജയൻ ഒരുപേടിസ്വപ്നമാണയാൾക്ക്. എന്തുവിലകൊടുത്തും ഏതു വേഷം കെട്ടിയും വിജയനെ വീണ്ടും തന്റെ ടീമിലേയ്ക്കു കൊണ്ടുവരുവാൻ വേണ്ടി തന്നാലാവുന്നതെല്ലാം മാത്യു കോശി ചെയ്തുനോക്കി. കുറേ അപമാനം കേട്ടിവാങ്ങിയതു മാത്രം മിച്ചം. യാതൊരുവിധമായ പ്രലോഭനങ്ങൾക്കും പ്രീണനങ്ങൾക്കും വശംവദനാകാതെ S R K-യുടെ ടീമിൽ തന്നെ വിജയൻ

പാറപോലുറച്ചുനിന്നു. നിരാശകൊണ്ടു തളർന്നു വീണുപോയ മാത്യു കോശിയെ അയാളുടെ ഒരു അനുയായി ധൈര്യംകൊടുത്തിവച്ച് എഴുന്നേൽപ്പിച്ചിരുത്തി. ''ആനന്ദ് ട്രോഫി'' മാത്യു കോശിക്കു തന്നെ കിട്ടുവാൻ തന്റെ കയ്യിൽ ഒരു തന്ത്രമുണ്ടെന്നു് അയാൾ ഉറപ്പുകൊടുത്തു. മാത്യു-കോശിക്കു് ആശ്വാസമായി.

ആനന്ദ് ട്രോഫിക്കുവേണ്ടി S R K-യുടെ ടീമും മാത്യു കോശിയുടെ ടീമും ഗ്രൗണ്ടിൽ ഇറങ്ങിയിരിക്കുകയാണു്. മത്സരത്തിനു ചൂടുപിടിച്ചു. അത്ഭുതമെന്നു പറയട്ടെ; വിജയൻ കളി ആകെ കുഴച്ചു. കാണികൾക്കത്ഭുതം. S. R. K. നായർക്കു് പരിഭ്രമം. മാത്യു കോശിക്കു് ഉത്സാഹം.

ഇനിയുള്ള കളി കണ്ടുതന്നെ അറിഞ്ഞാൽമതി. ഞങ്ങളുടെ ഫുട്ട്ബോൾ ചാമ്പ്യൻ നിങ്ങളെ വിനയപൂർവ്വം ക്ഷണിക്കുകയാണു്.

പൗരുഷം ജ്വലിച്ചു നിൽക്കുന്ന യൗവനത്തിന്റെ അത്യുജ്ജ്വലമായ ഒരു കലാസൃഷ്ടിയാണിതു്. വാദ്ധക്യത്തിനും സ്ത്രീത്വത്തിനും വേണ്ടതെല്ലാം ഇതിലില്ലെങ്കിൽ ഞങ്ങളോടു ക്ഷമിക്കണം.

# ഗാനങ്ങൾ

## 1

പാടിയതു —പി. ലീലയും സംഘവും

കൈകൊട്ടിക്കളിതുടങ്ങി
പെണ്ണിൻ നെഞ്ചിൽ
കഥകളി കേളിതുടങ്ങി
നളചരിതം ഒന്നാം—
ദിവസമാണോ
കളമൊഴി, കഥ
സീതാസ്വയംവരമോ?
(കൈകൊട്ടി....)

സ്വപ്നത്തിലോമന
ദമയന്തിയായോ
മിഥിലാപുരത്തിലെ
ജാനകിയായോ?
കചദേവയാനിതൻ—
കഥരംഗകാണ്ഡമോ
കൺമണി നിൻ കവിൾ
നനയുന്നതെന്തേ?
(കൈകൊട്ടി....)

അനുരാഗയമുനയ്ക്കു
തടസ്സങ്ങളില്ലാ
അഴകേ നിന്നാശയ്ക്കു
വിലങ്ങുകളില്ലാ
കതിർമണ്ഡപത്തിലെ
തോരണമൊരുക്കാൻ
കളിത്തോഴിമാർ
ഞങ്ങൾ കാത്തിരിക്കുന്നു!
(കൈകൊട്ടി....)

## 2

(പാടിയതു്-യേശുദാസ്)

ഗോപീ ചന്ദനക്കുറിയണിഞ്ഞു
ഗോമതിയായവൾ മുന്നിൽവന്നു
ഗോപകുമാരന്റെ തിരുമുമ്പിൽ
ഗോപിക രാധികയെന്നപോലെ
(ഗോപീചന്ദന....)

തുമ്പപ്പൂപ്പല്ലുകൾ തുമരൻ ചില്ലുകൾ
അമ്പിളിപ്പാൽ മുത്തു മാലരികേ
ആ രത്ന സൗന്ദര്യമാത്മാവിൻ കോവിലിൽ
ആയിരമാരതിയായ് വിരിഞ്ഞു
(ഗോപീചന്ദന....)

ചിത്രാഖങ്ങളാലോമന ഭൂമിയിൽ
സ്വപ്നപുഷ്പങ്ങൾ വരച്ചുനില്ലേ
ഭാവിതൻ ഗോപുവാതിൽ തുറക്കുന്ന
ഭാഗധേയത്തിൻ മുഖം വിടർന്നു
(ഗോപീചന്ദന....)

## 3

(എസ്. ജാനകിയും സംഘവും)

പതിനേഴോ പതിനെട്ടോ
പെണ്ണിനു പ്രായം
പതിനേഴോ പതിനെട്ടോ
പെണ്ണിനു പ്രായം
പകൽ കിനാവുകൾ
മനസ്സിൻ പടവിൽ
പടന്നുകയറും പ്രായം
(പതിനേഴോ....)

ഈയിടെയായി കണ്മണി-
ക്കൊരു കള്ളമയക്കം
ഇടനെഞ്ചിൽ കൂടെക്കൂ-
ടൊരു കിലുകിലുക്കം
കളിയാടാൻ വന്നാലും
കഥപറയാൻ നിന്നാലും

കണ്മുനകൾ തുരുത്തുരെ—
യെയ്യും കായാമ്പൂവമ്പ്
കരളിൽ കൊണ്ടാലാരും
വീഴും പ്രണയപ്പൂവമ്പ്

(പതിനേഴോ )

ഈയിടെയായി പുഞ്ചിരി—
ക്കൊരു പുതിയവെളിച്ചം
ഹൃദയത്തിൽ സ്വപ്ന—
ക്കുയിലിൻ സ്വരമാധുര്യം
ഫുട്ട്ബോളിൻ വേഗമോ
ബുൾബുളിൻ തരംഗമോ
നിന്നുള്ളിൽ സ്വർഗ്ഗ—
മുയർത്തിയ മായയെന്താണ്
നിറഞ്ഞുകവിയും നിൻെറ
കിനാവിൻ കൃഷ്ണനാരാണ്

(പതിനേഴേ....)

## 4

(പാടിയതു് - യേശുദാസും സംഘവും)

സത്യദേവനു മരണമുണ്ടോ?
നിത്യചൈതന്യത്തിനന്ത്യമുണ്ടോ....?
കാഞ്ചന പ്രഭതൻ വഞ്ചനാ കിരണം
കാലത്തിൻ മുഖാമനും മറച്ചിടുമോ....?

(സത്യ....)

കള്ളച്ചൂതിൽ ശകുനി ജയിച്ചാലും
കൗരവരരക്കില്ലം പണിഞ്ഞാലും
യദുകുലദേവൻെറ കാരുണ്യമുണ്ടെങ്കിൽ
കദനത്തിൽ വീഴുമോപാണ്ഡവന്മാർ?

(സത്യ....)

ഇന്ദ്രജിത്തിൻ അസ്ത്രം ഫലിച്ചാലും
ലക്ഷ്മണൻ രണഭൂവിൽ പതിച്ചാലും
മല കയ്യിലുയർത്തും മാരുതിയുണ്ടെങ്കിൽ
മരണത്തെ ഭയക്കുമോ രാമസൈന്യം?

(സത്യ....)

## 5

(പാടിയതു്-പി. സുശീല)

മദ്ധ്യാഹ്നവേളയിൽ
മയങ്ങാൻ സുഖം
മയക്കത്തിൽ സ്വപ്നങ്ങൾ
കാണാൻ സുഖം
ഉണരുമ്പോഴാലസ്യ—
മധുരം സുഖം
ഉണർന്നുകഴിഞ്ഞാ—
ലതിന്നോർമ്മ സുഖം!

(മദ്ധ്യാഹ്ന....)

ഓർമ്മയിലായിര—
മിതളും വിരിയും
ഓരോരായിതളിലും
മധു കിനിയും
നിദ്രതന്നാരാമ—
സിരകളിലെ
നീഹാര ശീകര—
സ്മരണ സുഖം

(മദ്ധ്യാഹ്ന ...)

ജീവനിലുതിരുന്ന -
രാഗസുഖം
പൂവുടലണിയുമ്പോ—
ഴേറെ സുഖം
മാദക കാമനാ—
മലർ വനമാം
ഈ നവയൗവ്വനം
സ്വർഗ്ഗസുഖം

(മദ്ധ്യാഹ്ന....)

## ഉടൻ പ്രദർശനം പ്രതീക്ഷിപ്പിൻ!

കെ. പി. ഏ. സി. ഫിലിംസ് അവതരിപ്പിക്കുന്ന

തകഴിയുടെ—

# ഏണിപ്പടികൾ

താരങ്ങൾ—

മധു, കൊട്ടാരക്കര, അടൂർ ഭാസി, ആലുംമൂട്, ബഹദൂർ,

ശാരദ, ജയഭാരതി, കവിയൂർ പൊന്നമ്മ etc.

കഥ—തകഴി * സംഭാഷണം—തോപ്പിൽ ഭാസി

പാട്ടുകൾ—വയലാർ * * സംഗീതം—ദേവരാജൻ

സംവിധാനം—തോപ്പിൽ ഭാസി

GEO


അച്ചടി—പി. സി. പ്രസ്സ്, കോട്ടയം.



ഫുട്ബോൾ ചാമ്പ്യൻ
സംവിധാനം. A.B.രാജ്
GEO RELEASE